**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3502** **26-06-2024 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം മുഴുവൻ സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുമെന്ന പ്രഖ്യാപനപ്രകാരം നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഇ-സ്റ്റാമ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ചുവടെ പറയുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര രജിസ്ട്രേഷനുവേണ്ടി ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ 01.04.2023 തീയതി മുതൽ നടപ്പിലാക്കിയിരുന്നു. ഈ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ഒരു ലക്ഷം രൂപയ്ക്ക് താഴെ വിലയുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാമ്പ് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇ-ട്രഷറി സംവിധാനത്തിലൂടെ വെണ്ടർമാർക്ക് ഇ-സ്റ്റാമ്പ് വിൽപ്പന നടത്തുന്നതിനുള്ള സൗകര്യം പൂർണ്ണതോതിൽ ട്രഷറി വകുപ്പ് ഒരുക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപയ്ക്ക് താഴെ വിലയുള്ള ആധാരങ്ങൾ ഇ-സ്റ്റാമ്പ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്നതാണ്. |

| ക്രമ നം. | ജില്ല | സബ് രജിസ്ട്രാർ ഓഫീസ് |
|---|---|---|
| 1 | തിരുവനന്തപുരം | മുരുക്കുംപുഴ |
| 2 | കൊല്ലം | കിളികൊല്ലൂർ |
| 3 | പത്തനംതിട്ട | പത്തനംതിട്ട |
| 4 | ആലപ്പുഴ | പട്ടണക്കാട് |
| 5 | കോട്ടയം | വൈക്കം |
| 6 | ഇടുക്കി | കട്ടപ്പന |
| 7 | എറണാകുളം | മുളന്തുരുത്തി |
| 8 | തൃശ്ശൂർ | അന്തിക്കാട് |
| 9 | പാലക്കാട് | തൃത്താല |
| 10 | മലപ്പുറം | കൽപകഞ്ചേരി |
| 11 | കോഴിക്കോട് | പയ്യോളി |
| 12 | വയനാട് | മാനന്തവാടി |
| 13 | കണ്ണൂർ | വളപട്ടണം |

| | | | |
|---|---|---|---|
| | | | 14 \| കാസറഗോഡ് \| ബദിയടുക്ക<br><br>രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ആവശ്യങ്ങൾക്കുള്ള ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നു വരികയും ചെയ്യുന്നു.<br><br>ഇ-സ്റ്റാമ്പിംഗ് സംവിധാനം പ്രവർത്തനക്ഷമമാകാത്തതിനാൽ ഇ-സ്റ്റാമ്പിംഗിനോടൊപ്പം സമാന്തരമായി മുദ്രപ്പത്ര വില്പന തുടരാവുന്ന കാലയളവ് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകികൊണ്ട് 15.03.2024 തീയതിയിലെ സ.ഉ.(കൈ) നം.15/2024/TAXES നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | രജിസ്ട്രേഷൻ ആവശ്യത്തിനല്ലാതെ ഒരു ലക്ഷത്തിന് മുകളിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ ഇ-സ്റ്റാമ്പ് മുഖേന മാത്രമേ ഒടുക്കാൻ വ്യവസ്ഥയുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | 1960 ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തികൊണ്ടുള്ള 07.04.2017 തീയതിയിലെ G.O.(P) No. 23/2017/TD നമ്പർ ഉത്തരവ് S.R.O.No.182/2017 നമ്പരായി 07.04.2017 തീയതിയിലെ 690 -ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചു കൊണ്ടാണ് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത ഭേദഗതി പ്രകാരം സംസ്ഥാനത്ത് ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപ്പത്രങ്ങൾ ഇ-സ്റ്റാമ്പ് രൂപത്തിൽ മാത്രമേ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ.<br><br>രജിസ്ട്രേഷൻ ആവശ്യത്തിനല്ലാതെയുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാമ്പ് രൂപത്തിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു. |
| (സി) | ഒരു തവണ ഡൗൺലോഡ് ചെയ്ത ഇ-സ്റ്റാമ്പിന്റെ എത്ര പ്രിന്റ് വേണമെങ്കിലും എടുക്കാൻ കഴിയുമെന്നതിനാൽ അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (സി) | തുകയൊടുക്കി ഒരു പ്രാവശ്യം ഡൗൺലോഡ് ചെയ്തെടുത്ത മുദ്രപ്പത്രങ്ങളുടെ കൂടുതൽ ഡൗൺലോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എന്നാൽ ഇവയുടെ ദുരുപയോഗം മൂലം റവന്യൂ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ഇവ ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഒഴിവാക്കുവാനാവശ്യമായ സാങ്കേതിക സുരക്ഷ ഒരുക്കുവാൻ എൻ.ഐ.സി -യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള ഇ-സ്റ്റാമ്പുകൾ ആധാര രജിസ്ട്രേഷൻ സമയത്ത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ deface ചെയ്യുന്നതിനാൽ പ്രസ്തുത സ്റ്റാമ്പ് രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കാൻ കഴിയുകയില്ല. |
| (ഡി) | കോടതിയിൽ നിന്നുള്ള വിൽപ്പന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഇ-സ്റ്റാമ്പ് എടുക്കാൻ ഇതുമൂലം ബുദ്ധിമുട്ടുണ്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്..<br><br>ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടതായ കോടതിയിൽ നിന്നുള്ള വിൽപ്പന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഇ-സ്റ്റാമ്പ് എടുക്കുന്നതിന് നിലവിൽ തടസ്സമില്ല. |

| | | | |
|---|---|---|---|
| | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ